**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5103** | **20-07-2022 - ൽ മറുപടിയ്ക്ക്**

**ഹൗസിംഗ് ബോർഡിന്റെ മൾട്ടി ഡെവലപ്മെന്റ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൗസിംഗ് ബോർഡ് എത്ര ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പ്രവാസികൾക്കായുള്ള ഭവന പദ്ധതി, താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന പദ്ധതികൾ, സർക്കാർ ഉദ്യോഗസ്ഥർക്കുള്ള പദ്ധതികൾ എന്നിവ തുടങ്ങിയിട്ടുണ്ട്. 2013-14 വർഷത്തിൽ ആരംഭിച്ച സർക്കാർ സബ്സിഡിയോടു കൂടിയുള്ള ഗൃഹശ്രീ ഭവന പദ്ധതി തുടർന്നും നടപ്പാക്കി വരുന്നു.**<br><br>**2021-22 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചു നൽകിയ പദ്ധതികൾ**<br><br>**1. കൊല്ലം ജില്ലയിലെ കരീപ്ര, ഇടുക്കി ജില്ലയിലെ പീരുമേട് എന്നിവിടങ്ങളിൽ ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി. 2.വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, റാന്നി, പത്തനംതിട്ട.3. കണ്ണൂർ മെഡിക്കൽ കോളേജിൽ ആശ്വാസ് പദ്ധതി.**<br><br>**2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചു നൽകിയ പദ്ധതികൾ 1. തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവിൽ ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി.2. കോട്ടയം, കോന്നി എന്നീ മെഡിക്കൽ കോളേജുകളിൽ ആശ്വാസ് പദ്ധതി.3. കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി 4. ഗൃഹശ്രീ പദ്ധതി** |
| (ബി) | കൊച്ചി മറൈൻ ഡ്രൈവിൽ ഹൗസിംഗ് ബോർഡ് നടപ്പാക്കുന്ന മൾട്ടി ഡെവലപ്മെന്റ് പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രോജക്ട് നടപ്പാക്കുവാൻ സാധിക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കൊച്ചി മറൈൻ ഡ്രൈവിലുള്ള 17.8 ഏക്കർ ഭൂമിയിൽ Public Private Partnership (PPP) പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് Request For Proposal (RFP) തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് Developer / |

| | | | |
|---|---|---|---|
| | | | Consultant-നെ തിരഞ്ഞെടുക്കുന്നതിന് Expression of Interest (EOI) ക്ഷണിക്കുന്നതിന് ഹൗസിംഗ് ബോർഡിന് അനുമതി നൽകുകയും ചെയ്തിരുന്നു. ഇത് പ്രകാരം ആഗോള ടെൻഡർ ക്ഷണിക്കുകയും ഇതിന്റെ technical bid 30/04/2021 -ൽ തുറക്കുകയും ചെയ്തുവെങ്കിലും 2 ദർഘാസുകൾ മാത്രമാണ് ലഭിച്ചത്.<br><br>പ്രസ്തുത ദർഘാസുകൾ ബോർഡിന്റെ വിദഗ്ധ സമിതി വിലയിരുത്തുകയും, നല്ല രീതിയിലുള്ള മത്സരമുണ്ടാകാത്തതു കൊണ്ട് പ്രസ്തുത ദർഘാസുകൾ റദ്ദാക്കുകയും പുതിയ ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ